# പതിനാലാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1839
### 04.05.2017 ലെ മറുപടിയ്ക്ക്
### ട്രഷറി ഇടപാടുകൾ പൊതുജന സൗഹൃദമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ. എൻ.ജയരാജ് | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ കോർബാങ്കിങ് സംവിധാനം ഏർപ്പെടുത്തിയതിനുശേഷം ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തെ ട്രഷറികളിൽ കോർ ബാങ്കിങ് സംവിധാനം ഏർപ്പെടുത്തിയതോടെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുള്ളയാൾക്ക് ഏത് ട്രഷറി വഴിയും പണമൊടുക്കുവാനും ഏത് ട്രഷറിയിൽ നിന്നും പണം പിൻവലിക്കാനുമുള്ള സൗകര്യം സാധ്യമായിട്ടുണ്ട്. കൂടാതെ വിവിധ യൂട്ടിലിറ്റി പേയ്മെന്റുകൾക്കുള്ള സൗകര്യം, ഏത് അക്കൗണ്ടിലേയ്ക്കും ഇലക്ട്രോണിക്കായി പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം എന്നിവയും താമസംവിനാ സാധ്യമാകുന്നതാണ്. ഇതുമൂലം സമയബന്ധിതമായി സേവനം പ്രദാനം ചെയ്യാനും ട്രഷറികളിലെ തിരക്ക് ഒരു പരിധിവരെ കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ ബാങ്കുകൾ ഇടപാടുകൾ നടത്തുന്നതിനും മറ്റും അമിത ചാർജ്ജുകൾ ഈടാക്കുന്ന പ്രവണത തുടരുന്ന സാഹചര്യത്തിൽ ട്രഷറി സേവിങ്സ് ബാങ്ക് സംവിധാനത്തിലേക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിന് ഉതകുന്നതരത്തിൽ കർമ്മപദ്ധതികൾ ആവിഷ് ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ട്രഷറി സേവിങ്സ് ബാങ്കിങ് സംവിധാനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 1.11.2016 ൽ കോർ ബാങ്കിങ് സംവിധാനം നിലവിൽ വന്നു. ഇതിൻ പ്രകാരം ട്രഷറി സേവിങ്സ് ബാങ്ക് ചെക്കുകൾ ഏതു ട്രഷറിയിൽ നിന്ന് മാറിയെടുക്കുവാനും ട്രഷറി സേവിങ്സ് അക്കൗണ്ടിലേക്ക് ഏതു ട്രഷറിയിൽനിന്നും തുക അടയ്ക്കുവാനും സാധിക്കും. ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽനിന്നും ഐ.എഫ്.എസ് കോഡുള്ള ബാങ്കുകളിലേക്ക് തുക മാറ്റുവാൻ കഴിയും. ട്രഷറി സേവിങ്സ് ബാങ്കിന് ഇന്റർനെറ്റ് ബാങ്കിങ് സംവിധാനവും മൊബൈൽ ആപ്ലിക്കേഷനും കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. ഇത് പൂർത്തിയായാൽ യൂട്ടിലിറ്റി ചാർജ്ജുകളായ electricity, water charges മുതലായവയുടെ പേയ് മെന്റുകൾ ഈ സംവിധാനത്തിലൂടെ നടത്തുവാൻ കഴിയും. ഇത്തരത്തിലുള്ള പദ്ധതികളിലൂടെ ട്രഷറി സേവിങ്സ് ബാങ്ക് ആധുനികവൽക്കരണ പ്രക്രിയയിൽ മുന്നോട്ടു പോയി കൂടുതൽ ജനകീയമാക്കുവാനും കഴിയും. |

| | | |
|---|---|---|
| (സി) | സംസ്ഥാന സഹകരണ ബാങ്കുകളുമായി സഹകരിച്ച് സംസ്ഥാനത്തുടനീളം ട്രഷറി എ.ടി.എമ്മുകൾ സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ; | നിലവിൽ പരിഗണനയിലില്ല |
| (ഡി) | ട്രഷറി സംവിധാനം വഴി ജനങ്ങളുടെ ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നവിധത്തിൽ മൊബൈൽ ഫോൺ ആപ്ലിക്കേഷനുകളുടെ സാധ്യത ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ട്രഷറി ഉപഭോക്താക്കൾക്കുള്ള മൊബൈൽ ഫോൺ ആപ്ലിക്കേഷൻ സേവനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ